ജോലികഴിഞ്ഞ് വൈകുന്നേരം തിരികെ വീട്ടിലെത്തുമ്പോൾ ബേക്കറിപ്പലഹാരങ്ങളല്ല, മറിച്ച് ഏറ്റവും പുതിയ സിനിമാഗാനങ്ങളുടെ കാസറ്റുകളും സിനിമാപ്പാട്ടു പുസ്തകങ്ങളും വേണം കൊണ്ടുവരാൻ എന്ന് അമ്മയെ ചട്ടം കെട്ടുന്ന ഒരു എട്ടുവയസുകാരനുണ്ടായിരുന്നു. കേട്ട പാട്ടുകൾ ഉടനടി ഹൃദിസ്ഥമാക്കി കുടുംബസദസ്സുകളിലും ക്ലാസിലുമൊക്കെ അവതരിപ്പിച്ചു സമ്മാനങ്ങളും കയ്യടിയുമൊക്കെ വാങ്ങിക്കൂട്ടിയെങ്കിലും ഗായകനായി അറിയപ്പെടാൻ ഒരിക്കലും ആഗ്രഹിച്ചിട്ടില്ലാത്ത ആ ബാലനെയാണ് നാം ഈ ദളത്തിൽ പരിചയപ്പെടാൻ പോവുന്നത്.

ജയൻ ഇ എൻ
ഫെഡറൽ ബാങ്ക്
ചിറ്റൂർ ശാഖ

ഇന്ത്യൻ റെയർ എർത്ത്സ് ഉദ്യോഗസ്ഥനായിരുന്ന നാരായണന്റേയും ഇന്ത്യൻ ബാങ്കിലെ ഉദ്യോഗസ്ഥയായിരുന്ന ഇന്ദിരാദേവിയുടെയും ഏക മകനായി എറണാകുളം – കോട്ടയം ജില്ലാ അതിർത്തിയിലുള്ള ആമ്പല്ലൂരിൽ ജനിച്ച ജയൻ, എൽ കെ ജി മുതൽ പത്താം ക്ലാസു വരെ പഠിച്ചത് പെരുമ്പിള്ളി ഹെയിൽ മേരി ഇംഗ്ലീഷ് മീഡിയം റസിഡൻഷ്യൽ ഹയർ സെക്കൻഡറി സ്കൂളിലായിരുന്നു.

എറണാകുളം ദർബാർ ഹാൾ റോഡിലുണ്ടായിരുന്ന ഇന്ത്യൻ ബാങ്കിന്റെ ട്രെയിനിംഗ് സെന്ററിലായിരുന്നു ജയന്റെ അമ്മ അക്കാലത്ത് ജോലി ചെയ്തിരുന്നത്. സെന്ററിനു സമീപം തന്നെയുണ്ടായിരുന്ന ഒരു കടയിൽ നിന്ന് ഇടയ്ക്കെല്ലാം അമ്മ സിനിമാഗാന കാസറ്റുകൾ വാങ്ങിക്കൊണ്ടുവരുമായിരുന്നു.

വല്ലപ്പോഴുമൊക്കെ കാസറ്റുകൾ വാങ്ങിക്കൊണ്ടിരുന്ന അമ്മയ്ക്ക്, താമസിയാതെ തന്നെ, സിനിമാസംഗീതം എന്ന 'ദു:ശ്ശീലം' തലയ്ക്കുപിടിച്ച ജയനുവേണ്ടി, ഇറങ്ങുന്ന മുറയ്ക്ക് പുതിയ സിനിമകളുടെ കാസറ്റുകൾ വാങ്ങേണ്ടതായി വന്നു.

മകന്റെ സംഗീതഭ്രമം കണ്ട അച്ഛനമ്മമാർ ശാസ്ത്രീയസംഗീതം പഠിപ്പിക്കാൻ തുനിഞ്ഞെങ്കിലും ദിവസവും വൈകീട്ടുള്ള തന്റെ ക്രിക്കറ്റ് കളിയെ ബാധിക്കുമെന്ന കാരണത്താൽ ജയൻ അതിനു നിന്നുകൊടുത്തില്ല.

പക്ഷേ, എട്ടാം ക്ലാസിലെത്തിയപ്പോൾ വീട്ടുകാരുടേയും അയൽക്കാരുടേയുമൊക്കെ നിർബന്ധത്തിനു വഴങ്ങി സാബു എന്ന സംഗീതാധ്യാപകനു കീഴിൽ ഏകദേശം ഒരു വർഷത്തോളം ജയൻ ശാസ്ത്രീയമായി സംഗീതം അഭ്യസിക്കുകയുണ്ടായി.

എൽ കെ ജി മുതൽ തന്നെ സ്കൂളിലെ സംഗീതപരിപാടികളിലെല്ലാം പേരു കൊടുക്കുമായിരുന്നു ജയൻ. എന്നാൽ സമ്മാനം പോയിട്ട് ഒരു കയ്യടി പോലും ആദ്യകാലങ്ങളിൽ ജയനു കിട്ടിയിരുന്നില്ല. കാരണമെന്തെന്നോ, അരങ്ങിൽ നിൽക്കാനുള്ള ഭയം കാരണം പാട്ടിനു പേരുകൊടുക്കുമായിരുന്നെങ്കിലും പാടാൻ വിളിക്കുമ്പോൾ മുങ്ങുക എന്നതായിരുന്നത്രെ മെയിൻ പരിപാടി !

പക്ഷേ എട്ടാം ക്ലാസൊക്കെ ആയതോടെ ചെക്കൻ മാറി. തന്നെ സംഗീതമഭ്യസിപ്പിച്ച സാബു സാറിനോടാണ് ഇക്കാര്യത്തിൽ ജയൻ കൃതജ്ഞനായിരിക്കുന്നത്. അന്നു ദൂരദർശനിൽ സംപ്രേഷണം ചെയ്യുമായിരുന്ന 'ഒന്നിനി ശ്രുതി താഴ്ത്തി', 'സ്മൃതിതൻ ചിറകിലേറി ഞാനെൻ' പോലത്തെ ലളിതഗാനങ്ങൾ ഓരോ സംഗീതപാഠത്തിനു ശേഷവും സാബുസാർ പഠിപ്പിക്കുമായിരുന്നത്രെ.

ഇങ്ങനെ പഠിച്ച ലളിതഗാനങ്ങൾ വഴി സ്കൂളിലെ മത്സരങ്ങളിൽ സമ്മാനം കിട്ടാൻ തുടങ്ങിയതു കൂടാതെ, ജില്ലാതലത്തിൽ എ ഗ്രേഡും യോഗക്ഷേമസഭയുടെ ആഭിമുഖ്യത്തിൽ നടന്ന സംഗീതമത്സരത്തിൽ ജില്ലാതലത്തിൽ മത്സരിക്കാനുമൊക്കെ സാധിച്ചു.

പക്ഷേ, ഒരു ഗായകൻ എന്ന തലത്തിൽ നിന്ന് സംഗീതസംവിധായകൻ എന്ന തലത്തിലേയ്ക്ക് സ്വയം പറിച്ചു നടാൻ ശ്രമിക്കുന്ന ജയനെയാണ് പിന്നീടു നാം കാണുന്നത്. പ്ലസ്ടുവിനു പഠിക്കുമ്പോഴാണത്. രണ്ടു സഹപാഠികളുമൊത്ത് ഒരു ഗാനമെഴുതി ഈണമിട്ട് സ്കൂളിൽ അവതരിപ്പിക്കുകയും അതിനു വലിയ കയ്യടി നേടുകയും ചെയ്തതിനെ തുടർന്ന് ഒരു മ്യൂസിക് ബാൻഡ് തുടങ്ങുക എന്ന ആഗ്രഹം ജനിച്ചെങ്കിലും ആ സ്വപ്നം മുന്നോട്ടു നീക്കാൻ സാധിച്ചില്ല.

ആദിശങ്കര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജിയിലെ ഇലക്ട്രോണിക്സ് പഠനകാലത്താണ് ഗായകൻ എന്ന നിലയിലല്ലാതെ സംഗീതവുമായി ബന്ധപ്പെട്ട മറ്റു പ്രവർത്തനങ്ങളിലും ജയൻ ഏർപ്പെടുന്നത്. അമൃത ടിവിയിലെ റിയാലിറ്റി ഷോ താരത്തിന്റെ പേരിൽ സംഗീത്- ദ റിയൽ സൂപ്പർസ്റ്റാർ എന്ന പേരിൽ പതിനായിരത്തിലധികം അനുയായികളുള്ള ഓർക്കൂട്ട് പേജിന്റെ അഡ്മിനാവുകയും തുടർന്ന് കൈരളി ടിവിയുടെ റിയാലിറ്റി ഷോയുടെ ഭാഗമായി പ്രവർത്തിച്ച് ചാനലിന്റെ സ്റ്റുഡിയോ സന്ദർശിക്കാനുമൊക്കെ ജയന് അന്നു സാധിച്ചു.

ഗായകൻ എന്നറിയപ്പെടുകയല്ല തന്റെ ലക്ഷ്യം എന്നു ജയൻ ഇതിനിടെ തീരുമാനമെടുത്തിരുന്നു. ഇതിനു കാരണമായതോ, സിനിമാസംഗീതസംവിധായകനായ വിദ്യാസാഗറും. വിദ്യാസാഗറിന്റെ ഓരോ പാട്ടും ദൈവവചനം പോലെയാണ് തനിക്കെന്നാണ് ജയൻ പറയുന്നത്. അയാളുടെ ഓരോ പാട്ടും ജയൻ ആദ്യവട്ടം നിശബ്ദമായി

കേൾക്കും. തുടർന്ന് ഓരോ തവണ കേൾക്കുമ്പോഴും അതിന്റെ ഓരോ സവിശേഷതകളും ഹൃദിസ്ഥമാക്കും. ഫലമോ? ഓരോ പാട്ടിന്റേയും ഡി എൻ എ ജയനു കാണാപ്പാഠമായി.

ഈ രീതിയിൽ പാട്ടുകൾ കേട്ടുകേട്ട്, കുറ്റകൃത്യം നടന്ന പരിസരം അരിച്ചുപെറുക്കി കിട്ടുന്ന തെളിവുകളിൽ നിന്ന് ഒരു ഫോറൻസിക് വിദഗ്ദ്ധൻ കൃത്യമായ നിഗമനങ്ങളിലേക്കെത്തുന്നതു പോലെ, അനുപല്ലവിയിലെ ഒരു 'ട്യൂം' അല്ലെങ്കിൽ ചരണത്തിലെ ഒരു 'ആ' യിൽ നിന്ന് ഇപ്പോൾ വിദ്യാസാഗറിന്റെ മാത്രമല്ല ഒട്ടുമിക്ക മലയാള സംഗീതസംവിധായകരുടേയും പാട്ടുകൾ ഊഹിച്ചെടുക്കുമെന്ന നിലയിലാണ് ജയൻ !

സൗത്ത് ഇന്ത്യൻ ബാങ്കിന്റെ കോട്ടക്കൽ ശാഖയിൽ ക്ലർക്കായി 2011 ലാണ് ജയൻ ഔദ്യോഗിക ജീവിതമാരംഭിക്കുന്നത്. പക്ഷേ ഏകദേശം ഒന്നര വർഷത്തോളമേ ആ ജോലി നീണ്ടുനിന്നുള്ളൂ. തന്റെ ക്ലർക്ക് ജോലി ജയൻ ഉപേക്ഷിച്ചതെന്തിനെന്ന് അറിഞ്ഞാൽ ആരായാലും കോരിത്തരിച്ചുപോകും. ഒരു ഓഫീസറെങ്കിലും ആയാൽ മാത്രമേ ആദിശങ്കരാ കോളേജിലെ സഹപാഠിയും പിന്നീട് എംടെക്കിന് റാങ്ക് ഹോൾഡറുമായിരുന്ന തന്റെ പ്രണയിനിയെ വിവാഹം കഴിക്കാൻ വീട്ടുകാർ സമ്മതിക്കുകയുള്ളൂ എന്ന ആശങ്കയിലാണ് ജയൻ കുത്തിയിരുന്നു പഠിച്ച് ഐ ബി പി എസ് പരീക്ഷ പാസാവുകയും ഫെഡറൽ ബാങ്കിൽ ഓഫീസറായി നിയമനം നേടുകയും ചെയ്തത്.

2012 ൽ ഫെഡറൽ ബാങ്കിന്റെ ഹെഡ് ഓഫീസിൽ ജോലി ചെയ്യുന്ന കാലയളവിൽ പാടാനുള്ള ഒട്ടനവധി അവസരങ്ങളാണ് ജയനു ലഭിച്ചത്. ഓണാഘോഷത്തിനിടെ ഒരു സഹപ്രവർത്തകനുമായി ചേർന്ന് ആലപിച്ച 'കുട്ടനാടൻ കായലില് കൊച്ചുവള്ളം തുഴയുമ്പോൾ' എന്ന ഗാനം ശ്രോതാക്കളുടെ പ്രശംസ പിടിച്ചുപറ്റി എന്നു മാത്രമല്ല ബാങ്കിന്റെ എം ഡി തന്നെ നേരിട്ട് അഭിനന്ദിക്കുകയും ചെയ്തു.

2014 ൽ ആയിരുന്നു ജയന്റെ വിവാഹം. ആദിശങ്കരയിലെ പഠനകാലത്ത് താൻ ഈണമിട്ടു തുടങ്ങിയ ജീവിതഗാനത്തിലെ വരികളാവാൻ സഹപാഠിയായിരുന്ന രശ്മി തന്നെ വന്നുചേർന്നത് ജയന് ഇരട്ടിമധുരമായി. ഇരുവരും ചേർന്നുള്ള ജുഗൽബന്ദിയിൽ പിന്നീടു പിറന്ന ഗാനമാണ് ഇപ്പോൾ ആറുവയസുള്ള ആരുഷ്.

പാലക്കാട് എൻ എസ് എസ് കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ അസിസ്റ്റന്റ് പ്രൊഫസറായി സേവനമനുഷ്ഠിക്കുന്ന രശ്മിയും ആരുഷും ജയനുമായി ചേർന്ന് ടിക്ടോക്കിൽ ചെയ്തുകൊണ്ടിരുന്ന ഡബ്സ്മാഷുകൾ ഒത്തിരി പേരെ ആകർഷിച്ചിരുന്നു. പറ്റിയ മറ്റൊരു പ്ലാറ്റ്ഫോം കിട്ടിയാൽ ഇനിയും കുടുംബസമേതം അഭിനയചാതുര്യം പുറത്തെടുക്കാനുള്ള തീരുമാനത്തിൽ തന്നെയാണ് ജയൻ.

ഗായകൻ എത്ര നന്നായി പാടിയാലും കവി എത്ര നല്ല വരികളെഴുതിയാലും സംഗീതസംവിധായകൻ മൂളിക്കൊടുക്കുന്ന ഈണത്തെയാശ്രയിച്ചാണ് ഒരു ഗാനത്തിന്റെ ആയുസ് നിർണയിക്കപ്പെടുന്നത് എന്നതാണ് ജയന്റെ പക്ഷം. അതായത്, ഒരു ഗാനത്തിന്റെ ആത്മാവ് സംഗീതസംവിധായകനാണത്രെ. ദൈവം തന്നെയാണ് സംഗീതസംവിധായകൻ എന്നുപോലും ഒരുഘട്ടത്തിൽ ജയൻ അഭിപ്രായപ്പെടുകയുണ്ടായി.

കേവലം വിനോദമെന്ന നിലയ്ക്ക് ഗാനാലാപനം തുടരുമെങ്കിലും തന്റെ യഥാർത്ഥ സപര്യ സംഗീതവുമായി ബന്ധപ്പെട്ട് മറ്റുപലതുമാണെന്നും എല്ലാമൊന്ന് മനസിൽ രൂപപ്പെട്ടു വരുന്നതേയുള്ളൂ എന്നും ജയൻ കൂട്ടിച്ചേർത്തു.

തന്റെ ജീവിതം അടിമുടി യാദൃശ്ചികതകൾ നിറഞ്ഞതാണെന്ന് അഭിമുഖത്തിലുടനീളം ജയൻ ആവർത്തിച്ചിരുന്നു. ആദ്യം കിട്ടിയ ജോലിയാവട്ടെ, പിന്നീടു കിട്ടിയതാവട്ടെ, സ്ഥലം മാറ്റമാവട്ടെ, വിവാഹമാവട്ടെ, ഭാര്യയുടെ ജോലിയാവട്ടെ അങ്ങനെ ഒട്ടും പ്രതീക്ഷിക്കാത്ത ഒട്ടനവധി കാര്യങ്ങളാണ് ബാല്യം മുതൽ സംഭവിച്ചു പോരുന്നത്.

ജയന്റെ സംഗീതജീവിതത്തിലും ഇതുപോലുള്ള ഒട്ടനവധി യാദൃശ്ചികതകൾ സംഭവിക്കട്ടെ എന്ന് ടാലന്റഡ് ബാങ്കേഴ്സ് കൂട്ടായ്മ ആശംസിക്കുന്നു.

---------------------------------------------------------------------------------------------

തയ്യാറാക്കിയത് : അമിത് കുമാർ, ഫെഡറൽ ബാങ്ക്, ഹെഡ്ഓഫീസ്, ആലുവ

English version: Gayathry T R, State Bank of India

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ മീഞ്ചന്ത ബ്രാഞ്ച്, കോഴിക്കോട്

---------------------------------------------------------------------------------------------

There was an eight year old who would insist that his mother brings him the casettes of the latest movie songs and songbooks when she returned from work unlike other kids who would eagerly wait for bakery foods. He would then immediately proceed to learn the songs by heart and perform before his family and friends at school even though he had never desired to be known as a singer and in this edition we present this talent.

Jayan EN
Federal Bank

Chittoor Branch

Born as the only son to Sri.Narayanan ,an officer at Indian Rare Earths and Smt Indiradevi, employed at Indian Bank at Amballoor located at the district border between Kottayam and Ernakulam, Jayan completed his schooling at Hail Mary English medium Residential Higher Secondary School, Perumpilly. Jayan's mother used to work at the training centre of the Indian Bank near Durbar Hall Road, Ernakulam in those days and would buy movie song cassettes from a nearby shop for young Jayan.

As his craze for film music grew Jayan's mother had to frequent the shop as soon as a movie song was released.

Identifying his passion for music made his parents enrol him for Carnatic music classes but Jayan refused it as its timings clashed with his evening game of cricket.

Finally, in the eighth grade Jayan relented to his family's wishes and joined the yearlong music classes with a music tutor named Sabu.

Since his kindergarten Jayan used to take part in music competitions but was never fortunate enough to get an applause and the reason being that his stage fright made him drop out of the competition as soon as his name was called.

This habit changed with his training under Sabu sir who used to teach him hit numbers like ' Onnini Sruthi Thazhthi and Smrithithan Chirakileri Njanen in the light music genre that used to be telecast on Doordarshan after each session.

These light songs paved the way for his accolades in the music competitions held at school as well as to secure a grade at district level and also to participate in the district level music competition organised by the yogakshemasabha.

But Jayan was always trying to move into music composition rather than establishing himself as a singer. During his plus two days, he wrote and composed music for a song with two of his friends and performed it at his school .It was well received and thus was born a desire to form a music band but it never materialized.

Jayan ventured into other areas of music during his college days at the Adi Shankara institute of Engineering and Technology. He was the admin of an orkut page called Sangeet - The real superstar based on a reality show star of the Amrita TV fame. The page had tens of thousands of followers. Later he also had the opportunity to visit the studio while being active in for the reality show organised by kairali

It was Vidyasagar's music that paved the way for Jayan away from his singing stint. He would listen to Vidyasagar's music intently for a minute and then learn all its nuances minutely. It was a divine experience for him.

His keen intent to details has now enabled him to correctly guess the music from different music

directors just by hearing single notes from their music.

Jayan's career began as a clerk at the Kottakal branch of South Indian Bank in 2011. But the job lasted only a year and the reason he quit it was equally baffling . He did it because his family wouldn't allow his marriage with his beloved classmate who was also an m.tech rank holder unless he became an officer. He therefore tried hard and cleared the IBPS exam to join Federal Bank as an officer.

He got many opportunities to sing during his stint at the head office of Federal Bank in 2012. His performance of the song ' Kuttanadan Kayalil ' during the onam celebrations not only was well received but was also complimented by the MD himself.

He married his college sweetheart Resmi in 2014 and they now have a 6 year old son Arush.

Resmi is working as an Assistant Professor at NSS Engineering College Palakkad. The dubsmash performances by the trio is quite popular in Tiktok.

Jayan is a huge believer of the concept that music direction is the essence of every song and also believes that every event in his life has a divine purpose.

We wish him and his family all the best from the team of talented bankers.